## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

05.11.2019 ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം നമ്പർ : *184

### പ്രതിരോധരംഗങ്ങളും പൊതുമേഖലയിലും സ്വകാര്യവൽക്കരണത്തിനുള്ള കേന്ദ്ര നീക്കം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.എ. എൻ. ഷംസീർ<br>ശ്രീ. എസ്.ശർമ്മ<br>ശ്രീ.കെ.ജെ. മാക്സി<br>ശ്രീ.കെ.ഡി. പ്രസേനൻ : | | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | കേന്ദ്ര സർക്കാർ പ്രതിരോധ രംഗങ്ങളുൾപ്പെടെയുള്ള പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ സ്വദേശിയെന്ന കപട മുദ്രാവാക്യമുയർത്തി വിദേശികൾ ഉൾപ്പെടെയുള്ള കോർപ്പറേറ്റുകൾക്ക് കൈമാറി സ്വകാര്യവൽക്കരണം തീവ്രമാക്കുന്നത് സംസ്ഥാനത്തിന്റെയും രാജ്യത്തിന്റെയും താല്പര്യങ്ങൾക്ക് ഹാനികരമാകുമെന്ന് കരുതുന്നുണ്ടോ; | (എ), (ബി) & (സി) | കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിറ്റഴിക്കൽ തീരുമാനം സംസ്ഥാനത്തിന്റെ വ്യാവസായിക വളർച്ചയെ പ്രതികൂലമായി ബാധിക്കുന്നതോടൊപ്പം അതാത് സ്ഥാപനങ്ങളിൽ പ്രവർത്തിച്ച് വരുന്ന ജീവനക്കാരുടെ തൊഴിലിനേയും അതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന അനുബന്ധ വ്യവസായ-ങ്ങളുടെ പ്രവർത്തനങ്ങളെയും പ്രതികൂലമായി ബാധിക്കും. വളരെയധികം തന്ത്രപ്രധാന-മായ മേഖലകളിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളുടെ പൊതുമേഖലയിൽ നിന്നുള്ള മാറ്റം സംസ്ഥാനത്തിന്റെ പൊതു ആസ്തികൾ അന്യാധീനപ്പെട്ടു പോകുന്നതിനും ഇടയാകും. ഇത്തരം പൊതു മേഖലാ സ്ഥാപനങ്ങളെ സംരക്ഷിച്ച് തൊഴിലും വരുമാനവും വർദ്ധിപ്പിക്കാനാണ് സർക്കാർ പരിമിതിക്കുള്ളിൽ നിന്നു കൊണ്ട് ശ്രമിച്ച് വരുന്നത്. 2019-20 ൽ 1.05 ലക്ഷം കോടി രൂപ ഓഹരി വിറ്റഴിക്കലിലൂടെ ലക്ഷ്യമിടുന്നു എന്ന കേന്ദ്രസർക്കാരിന്റെ ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ തുടർച്ചയായാണ് മഹാരത്ന പദവിയിലുള്ളതും ഏകദേശം 5000 കോടി രൂപയിലധികം വാർഷിക ലാഭമുള്ളതുമായ രാജ്യത്തെ വലിയ പെട്രോളിയം കമ്പനികളിലൊന്നായ ബി.പി.സി.എൽനെ സ്വകാര്യവൽക്കരിക്കുന്ന-തിനുള്ള നീക്കം |
| (ബി) | രാജ്യസുരക്ഷയെ കരുതി ദേശസാൽക്കരിച്ച പെട്രോളിയം കമ്പനികളിൽ പ്രമുഖമായതും പ്രതിവർഷം പതിനാലായിരം കോടിയിലധികം രൂപ ലാഭമുണ്ടാക്കുന്നതുമായ ഭാരത് പെട്രോളിയം കോർപ്പറേഷൻ കേവലം നാൽപ്പതിനായിരം കോടി രൂപയ്ക്ക് സ്വദേശ-വിദേശ കോർപ്പറേറ്റുകൾക്ക് കൈമാറാനുള്ള നീക്കത്തിൽ നിന്ന് പിന്മാറാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമോ; | | |
| (സി) | കൊച്ചിൻ റിഫൈനറി വിദേശികൾ ഉൾപ്പെടെയുള്ള സ്വകാര്യ മേഖലയ്ക്ക് കൈമാറുന്നത് തന്ത്രപ്രധാനമായ വ്യവസായം നഷ്ടപ്പെടുത്തുന്നതുകൊണ്ടുണ്ടാകുന്ന ഭീഷണിയോടൊപ്പം റിഫൈനറിയോടനുബന്ധമായി പതിനായിരത്തിലധികം പേർക്ക് തൊഴിൽ ലഭ്യമാകാവുന്ന പെട്രോ കെമിക്കൽ ഹബ്ബ് സൃഷ്ടിക്കുകയെന്ന സംസ്ഥാനത്തിന്റെ | | |

| | | | |
|---|---|---|---|
| | താല്പര്യവും ഹനിക്കപ്പെടുന്നത് കണക്കിലെടുത്ത് സംസ്ഥാന സർക്കാർ വേണ്ട ഇടപെടൽ നടത്തുമോ എന്നറിയിക്കാമോ? | | ആരംഭിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി ബി.പി.സി.എല്ലി ലെ കേന്ദ്രസർക്കാരിന്റെ 53.29% ഓഹരികൾ പൂർണ്ണമായി വിറ്റഴിക്കും എന്ന് കരുതുന്നു. ഇത്തരത്തിൽ ഓഹരികൾ വിറ്റഴിക്കുന്നതിലൂടെ ബി.പി.സി.എല്ലി നെ സ്വകാര്യവൽക്കരിച്ച് ഉടമസ്ഥാവകാശം സൗദി അറേബ്യയിലെ അരാംകോ തുടങ്ങിയ കുത്തക കമ്പനികൾക്ക് കൈമാറാനുള്ള ശ്രമമായാണ് കേന്ദ്രസർക്കാർ നടത്തുന്നത് എന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു.<br><br>കേരളത്തിന്റെ സാമ്പത്തിക മേഖലയിൽ സുപ്രധാനമായ സംഭാവന നല്കി വരുന്ന ബി.പി.സി.എൽ സ്വകാര്യവൽക്കരിക്കുന്നതുമൂലം സംസ്ഥാനത്തിന് ഭീമമായ സാമ്പത്തിക നഷ്ടമായിരിക്കും ഉണ്ടാവുക. സംസ്ഥാനം കൂടി മുൻകൈ എടുത്ത് സ്ഥാപിച്ച കൊച്ചിൻ റിഫൈനറിയ്ക്ക് നിരവധിയായ സഹായങ്ങളാണ് സർക്കാർ നൽകി വരുന്നത്. ബി.പി.സി.എല്ലും സർക്കാരുമായി ഒപ്പുവച്ച കരാർ പ്രകാരം 4500 കോടി രൂപ KGST/VAT ഇനത്തിലും 3000 കോടി രൂപ CST ഇനത്തിലും 750 കോടി രൂപ WCT റീ ഇംബേഴ്സ്മെന്റ് ഇനത്തിലും 15 വർഷത്തേയ്ക്ക് നൽകിക്കൊള്ളുണമെന്ന് ധാരണയുണ്ട്. വർക്ക് കോൺട്രാക്റ്റ് ടാക്സ് (WCT) റീംബേഴ്സ്മെന്റ് ഇനത്തിൽ നാളിതുവരെ 80 കോടി രൂപയും KGST/VAT (Deferred loan) ഇനത്തിൽ 100 കോടി രൂപയും ബി.പി.സി.എൽ ന് അനുവദിച്ചിട്ടുണ്ട്.<br><br>കൊച്ചിൻ റിഫൈനറിയുടെ ഉല്പന്നത്തെ ആശ്രയിച്ച് കിഫ്ബി ഫണ്ട് ഉപയോഗപ്പെടുത്തി ആരംഭിക്കാനുദ്ദേശിക്കുന്ന പെട്രോകെമിക്കൽ പാർക്കിന്റെ ഭാവിയെ ബി.പി.സി.എൽ ന്റെ സ്വകാര്യവൽക്കരണം പ്രതികൂലമായി ബാധിക്കും. ബി.പി.സി.എൽ രാജ്യത്താകെ തൊഴിലെടുക്കുന്ന 11540 പേരിൽ 2370 പേർ കൊച്ചിൻ റിഫൈനറിയിലാണ്. റിഫൈനറിയുടെ പരിസരത്തെ ജനങ്ങളുടെ ക്ഷേമത്തിനായി CSR ന്റെ ഭാഗമായി നടപ്പിലാക്കി വരുന്ന ക്ഷേമപ്രവർത്തനങ്ങൾ പൂർണ്ണമായി നിലയ്ക്കുന്ന അവസ്ഥയും നിർദ്ദിഷ്ട സ്വകാര്യവൽക്കരണത്തിന്റെ ദോഷഫലങ്ങളായി സംജാതമാകും. |

| | | | |
|---|---|---|---|
| | | | സംസ്ഥാന സർക്കാരിന് നിലവിൽ 0.86% ഓഹരി ആണ് ബി.പി.സി.എൽ-ൽ ഉള്ളത്. കമ്പനിക്ക് നല്കിവരുന്ന വിവിധ സാമ്പത്തികവും മറ്റ് തരത്തിലുള്ള സഹായങ്ങളും സർക്കാരിന് കമ്പനിയിലുള്ള പ്രത്യേക താല്പര്യത്തിന്റെ തെളിവുകളാണ്. കമ്പനി സ്വകാര്യവൽക്കരിക്കുന്നതിലൂടെ വലിയ തോതിൽ തൊഴിലവസരങ്ങൾ നഷ്ടപ്പെടുന്നതിനും പാചക വാതകത്തിന് ലഭിച്ചു വരുന്ന ആനുകൂല്യങ്ങൾ ഇല്ലാതാകുന്നതിനും വഴിയൊരുക്കും. സംസ്ഥാനത്തിന്റെ വികസനത്തേയും വ്യവസായവൽക്കരണത്തേയും പ്രതികൂലമായി ബാധിക്കുന്ന സ്വകാര്യവൽക്കരണം ഉപേക്ഷിക്കണമെന്ന് അഭ്യർത്ഥിച്ച് ബഹു.മുഖ്യമന്ത്രി ബഹു.പ്രധാനമന്ത്രിക്ക് കത്തയച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ